# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1961 — 14.08.2017 — ൽ മറുപടിക്ക്

## റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും, അർഹരായ എല്ലാപേർക്കും അവശ്യസാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) 2016 നവംബർ മുതൽ സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും മൊത്തവിതരണ ഡിപ്പോകളെ ഒഴിവാക്കി സപ്ലൈകോ നേരിട്ട് എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിൽ എത്തിച്ചു വരുകയും ചെയ്യുന്നു. മുൻഗണനാ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകി വരുന്നു. എല്ലാ കാർഡ് ഉടമകൾക്കും ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകത്തക്കവിധം ടൈഡ്ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുകയും ടി വിഭാഗത്തിലെ 12114127 പേർക്ക് 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 2 രൂപ നിരക്കിൽ നൽകി വരികയും ചെയ്യുന്നു. ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ റേഷൻ കടകളിൽ സ്ഥാപിക്കുന്നതു വഴി യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി റേഷൻ വിതരണം കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ സുതാര്യമാക്കാൻ കഴിയും. കൂടാതെ പൊതുവിതരണ സംവിധാനത്തിലെ പരാതികൾ പരിഹരിയ്ക്കുന്നതിന് ജില്ലാതല പരാതി പരിഹാര സംവിധാനം എ.ഡി.എം.ന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. ഓൺലൈൻ അലോക്കേഷൻ പ്രാവർത്തികമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ എൻ.ഐ.സി. രൂപപ്പെടുത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അരിയുടെ വില പൊതു മാർക്കറ്റിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ, അരി വില പിടിച്ചുനിർത്തുന്നതിനും കുത്തരി, ജയ അരി എന്നിവ റേഷൻകടകളിൽക്കൂടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | (ബി) | കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ നടത്തി അരിയുടെ കൃത്രിമ ദൗർലഭ്യം സൃഷ്ടിക്കുന്നത് തടയിടുന്നതിനായി പൊതുവിപണിയിലും, പൊതുവിതരണ ശൃംഖലയിലും വകുപ്പ് തലത്തിലുള്ള ശക്തമായ പരിശോധനകൾ നടത്തിവരുന്നു. ഈ വർഷാരംഭത്തിൽ 'ജയ' ബ്രാന്റിലുള്ള അരിയുടെ മാത്രം വില വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഭക്ഷ്യധാന്യ വ്യാപാരികളുടെ യോഗം ജനുവരിയിൽ വിളിച്ച് വില വർദ്ധനവിനുണ്ടായ സാഹചര്യങ്ങൾ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കളക്ടർമാർ ഭക്ഷ്യധാന്യ വ്യാപാരികളുമായി ചർച്ച ചെയ്യുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇടപെടൽ മുഖേന ഏപ്രിൽ മാസത്തോടെ 'ജയ' ബ്രാന്റ് അരിയുടെ വില സാധാരണ വിലയിൽ എത്തിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ മുഖാന്തിരം ശക്തമായ വിപണി ഇടപെടൽ നടത്തുകയും കൺസ്യൂമർഫെഡ് അരിക്കടകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. 2017 ഓണത്തിനോടനുബന്ധിച്ച് അരി മറ്റ് പയറുവർഗ്ഗങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ആന്ധ്ര സർക്കാരുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നതിന് മന്ത്രിതല ചർച്ച നടത്തുകയും ആയതിനുള്ള തുടർനടപടികൾ സപ്ലൈകോ വഴി സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

*സെക്ഷൻ ഓഫീസർ*